II ഇ.ബി. XIകേരള നിയമസഭ/IV6

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂൺ 24, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

40 (*144) നരേന്ദ്രൻ കമമിഷൻ റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ.എ..കെ ആന്റണി) നൽകിയ മറുപടിയിൽ, പിന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗപ്രാതിനിധ്യം സംബന്ധിച്ച് 9–11–2001–ൽ നരേന്ദ്രൻ കമമിഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. റിപ്പോർട്ടിലെ ശുപാർശകളെ സംബന്ധിച്ച് സഭയിൽ ചർച്ചയ്ക്കായി സമർപ്പിക്കുവാൻ 3–4–2002–ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിക്കുകയും 12–6–2002–ൽ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൻമേൽ നിയമസഭയിലേയും രാഷ്ട്രീയ പാർട്ടികളുമായുള്ള ചർച്ചയുടേയും വെളിച്ചത്തിൽ ഉചിതമായ തീരുമാനം എത്രയും വേഗം സർക്കാർ കൈക്കൊള്ളുന്നതാണ്. പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ മാററം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.. സംവരണ തത്വം പാലിക്കാൻ കഴിയാത്ത കാഷൽ ജീവനക്കാരുടെ നിയമനം ഒഴിവാക്കുന്നതിനു വേണ്ട നടപടികൾ സർക്കാർ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പി.എസ്.സി.യുടെ നടപടികൾമൂലം അവഗണിക്കപ്പെടുകയോ നീതി നിഷേധിക്കുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത് പി.എസ്.സി.യെ അറിയിക്കുന്നതാണ്. പി.എസ്.സി.യുടെ പ്രവർത്തനത്തിൽ എന്തെങ്കിലും മാററം ആവശ്യമുണ്ടെങ്കിൽ അത് ചർച്ച ചെയ്ത് തീരുമാനിക്കുന്നതായിരിക്കും. പി.എസ്.സി. നിയമനത്തിൽ ഉണ്ടായിരുന്ന സബ്റൊട്ടേഷൻ സംവിധാനം പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ അഡ്മിഷന്റെ കാര്യത്തിൽ എല്ലാ വിഭാഗങ്ങൾക്കും നീതി ലഭിക്കത്തക്ക വിധത്തിലുള്ള സംവിധാനമായിരിക്കും സർക്കാർ

സ്വീകരിക്കുന്നത്. സ്വാശ്രയ കോളേജുകളിലെ അഡ്മിഷനിൽ സംവരണ തത്വം പാലിക്കുന്ന കാര്യത്തിൽ അപാകതയുണ്ടോ എന്ന് പരിശോധിക്കുന്നതാണ്. . മുസ്ലീം സമുദായത്തിന് വിദ്യാഭ്യാസരംഗത്തുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ന്യായമായി ചെയ്യാവുന്ന എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

41 (*145) <u>സർക്കാർ ആശുപത്രികളുടെ പ്രവർത്തനശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്താൻ നടപടി</u>

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) നൽകിയ മറുപടിയിൽ, . പ്രൈമറി ഹെൽത്ത് സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനാവശ്യമായ കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരികയാണെന്ന് സഭയെ അറിയിച്ചു.. അതിന്റെഭാഗമായി ജനപങ്കാളിത്തത്തോടുകൂടി ആശുപത്രി സ്പോൺസർഷിപ്പും വാർഡുകൾ അഡോപ്ട് ചെയ്യാൻ ആവശ്യമായ സംവിധാനവും ഉണ്ടാക്കിയിട്ടുണ്ട്. വേൾഡ് ബാങ്കിന് സമർപ്പിക്കാൻ ഉദ്ദേശിക്കുന്ന 810 കോടി രൂപ ചെലവു വരുന്ന സെക്കന്ററി ഹെൽത്ത് സിസ്ററം ഡവലപ്മെന്റ് പ്രോജക്ട് നടപ്പിലാക്കിയാൽ റഫറൽ ആശുപത്രികളുടെ സ്ഥിതി മെച്ചപ്പെടുത്താൻ സാധിക്കും. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഹൃദയസംബന്ധമായ രോഗങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ട്രെഡ്മിൽ ടെസ്ററിംഗ്, എക്കോ കാർഡിയോഗ്രാം, കണ്ടിന്യുവസ് മോണിറ്ററിംഗ് തുടങ്ങിയ കാർഡിയോളജി വിഭാഗങ്ങളും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആൻജിയോ പ്ളാസ്റ്റി സൗകര്യവും കോട്ടയം മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സ്ഥാപിക്കാനുള്ള പ്രവർത്തനവും ത്വരിതഗതിയിൽ നടന്നുവരുന്നു. ആലപ്പുഴ, തൃശൂർ മെഡിക്കൽ കോളേജുകളിൽ പുതിയ ഉപകരണങ്ങൾ വാങ്ങിക്കാനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നു . ആശുപത്രികളിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ റിപ്പെയർ ചെയ്യുന്നതിന് അവിടെത്തന്നെ പ്രത്യേക സംവിധാനം നിലവിലുണ്ട് . അവിടെ അവ നന്നാക്കാൻ സാധിച്ചില്ലെങ്കിൽ ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെട്ടാൽ പുറമേ നന്നാക്കാൻ ഉത്തരവ് നൽകുന്നതാണ്. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാർ പരിശോധിക്കുന്നതാണ്. താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും സ്പെഷ്യലിസ്റ്റുകളെ നിയമിക്കാനുള്ള ഉത്തരവ് ഇതിനകം പുറപ്പെടുവിച്ചുകഴിഞ്ഞു. രോഗികൾ കൂടുതലുള്ള താലൂക്ക് ആശുപത്രികളിൽ ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഡോക്ടർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഒരു രോഗിക്ക് ആഹാരത്തിനും മരുന്നിനുംകൂടി ആരോഗ്യ വകുപ്പിൽ ശരാശരി 11.56 രൂപയും ഹോമിയോപതി വകുപ്പിൽ 33.75 രൂപയും ആയുർവേദ വകുപ്പിൽ 15.65 രൂപയും ചെലവാകുന്നു. തീരദേശ മേഖലകളിലെ ആശുപത്രികളുടെ വികസനത്തിനുവേണ്ടി ഫിഷറീസ് ഡിപ്പാർട്ടുമെന്റുമായി ചേർന്ന് 150 കോടി രൂപയുടെ ഒരു പദ്ധതിക്ക് ശ്രമം ആരംഭിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രി കെട്ടിടങ്ങളുടെ റിപ്പെയറിനുവേണ്ട പ്രോജക്ടുകൾക്ക്

ഏർപ്പെടുത്തിയിട്ടുള്ള ട്രഷറി ബാൻ ഒഴിവാക്കുന്നതിന് സർക്കാർ മുൻകൈയെടുക്കുന്നതാണ്. പിന്നോക്ക മേഖലകളിലെ ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടാൽ അവ നികത്തുന്നതിന് നടപടി സ്വീകരിക്കാറുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

42 (*146, *173) എലിപ്പനി ചികിൽസയ്ക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നതിന് നടപടി

ആരോഗ്യ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, എലിപ്പനിയുടെ ചികിൽസയ്ക്കാവശ്യമായ പെനിസിലിൻ, ഡോക്സി സൈക്ളിൻ, ടെട്രാസൈക്ളിൻ എന്നീ മരുന്നുകൾ എല്ലാ ആശുപത്രികളിലും സൗജന്യമായി നൽകുന്നതാണെന്നും രോഗം ഗുരുതരമായാൽ ഇതിനുള്ള പ്രത്യേക ചികിൽസകൾ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ലഭ്യമാണെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽനിന്നും എലിപ്പനിരോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ എറണാകുളം, കോട്ടയം, ആലപ്പുഴ, ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ ഈ രോഗബാധ കൂടുതലായി കാണുന്നു. സംസ്ഥാനത്ത് എലിപ്പനി ബാധിച്ച് 2000–ൽ 87 പേരും 2001–ൽ 119 പേരും 2002 മേയ്മാസം വരെ 26 പേരും മരണമടഞ്ഞു. എലിപ്പനി പ്രതിരോധിക്കുന്നതിനായി ബോധവൽക്കരണം. എലിനശീകരണം, കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ക്ളോറിനേഷൻ നടത്തുക എന്നിവ കൂടുതൽ കാര്യക്ഷമമാക്കും. എലിപ്പനിയുടെ പ്രതിരോധ നടപടികൾ ആരോഗ്യ വകുപ്പും മറ്റു ബന്ധപ്പെട്ട വകുപ്പുകളും ചേർന്ന് സംയുക്തമായി എടുക്കേണ്ടതാണ്. കെട്ടിക്കിടക്കുന്ന വെള്ളം, കനാൽ എന്നിവ വൃത്തിയാക്കുമ്പോൾ ഡോക്സിസൈക്ളിൻ എന്ന മരുന്ന് കഴിച്ചുകൊണ്ടു മാത്രമേ ജോലിക്ക് ഇറങ്ങാൻ പാടുള്ളൂ. എലിപ്പനിയുടെ പ്രതിരോധ ചികിൽസയ്ക്കായി താലൂക്കടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, വാട്ടർ അതോറിററി, പൊതുമരാമത്തു വകുപ്പ് എന്നിവ ചേർന്ന് കമ്മിററി രൂപീകരിച്ചിട്ടുണ്ട്. രോഗ ബാധ കൂടുതലായി കാണുന്ന മഴക്കാലത്തിനു മുമ്പുതന്നെ ആവശ്യമായ പ്രതിരോധ നടപടി കൾ എടുക്കുവാനും ബോധവൽക്കരണം നടത്തുവാനും നടപടികളെടുത്തിട്ടുണ്ട്. രോഗബാധ ഉണ്ടാകുന്ന താലൂക്കുകളിൽ ദ്രുത നിർണ്ണയ കിറ്റുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എലിപ്പനി ബാധിച്ചവർക്കും മരിച്ചവരുടെ ആശ്രിതർക്കും സർക്കാർ പ്രഖ്യാപിച്ച സഹായധനം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടി യായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

43 (* 149 ) ആതുരാലയങ്ങളുടെ നവീകരണത്തിന് പുതിയ പദ്ധതികൾ

ആരോഗ്യവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ ആതുരാലയങ്ങളുടെ നവീകരണത്തിന് സർക്കാർ ആവിഷ്കരിച്ചുവരുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണെന്നറിയിച്ചു:

1. ഡയബറ്റിസ് ഇൻസ്റ്റിറ്റ്യൂട്ട്
2. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
3. ഹാർട്ട് ഫൗണ്ടേഷൻ
4. പാരാമെഡിക്കൽ കൗൺസിൽ
5. ഹെൽത്ത് സിസ്റ്റം പ്രോജക്ട്
6. ന്യൂറോളജി ഐ.സി. യൂണിറ്റ്
7. ട്രോമാ കെയർ യൂണിറ്റ്
8. സാംക്രമിക രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതി
9. കൊല്ലത്തും എറണാകുളത്തും പാലക്കാട്ടും റീജിയണൽ ഡയഗ്നോസ്റ്റിക് സെന്ററുകൾ
10. മെഡിക്കൽ കോളേജുകളുടെ നവീകരണ പദ്ധതി (ലോക ബാങ്ക് സഹായത്തോടെ)
11. പേ ക്ലിനിക്കുകൾ

പ്രസ്തുത നവീകരണ പദ്ധതിയിൽ പിന്നോക്ക ജില്ലകൾക്ക് കൂടുതൽ പരിഗണന ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

44 (*154) <u>മനുഷ്യാവയവ കൈമാറ്റം നിയന്ത്രണ വ്യവസ്ഥ</u>

മുഖ്യമന്ത്രി നല്കിയ ഉത്തരത്തിൽ, സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ കേന്ദ്രീകരിച്ച് നടക്കുന്ന വൃക്കക്കച്ചവടം സംബന്ധിച്ച് ബേബി മെമ്മോറിയൽ ആശുപത്രി, നാഷണൽ ആശുപത്രി (കോഴിക്കോട്), മാതാ അമൃതാനന്ദമയി ആശുപത്രി (കൊച്ചി) എന്നിവിടങ്ങളിൽ ആരോഗ്യവകുപ്പിലെ വിജിലൻസ് അഡീഷണൽ ഡയറക്ടർ പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ടെന്നറിയിച്ചു.

45 ( *155) <u>മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ</u>

ആരോഗ്യ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും സ്പെഷ്യാലിറ്റി വിഭാഗത്തിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം സുഗമമായി നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗം പുതുക്കിപ്പണിഞ്ഞ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നതായും അറിയിച്ചു. ഈ വിഭാഗത്തിൽ എല്ലു സംബന്ധമായ ചികിത്സയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സ്വന്തമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ജീവൻ രക്ഷാ ഔഷധങ്ങളും ലഭ്യമാണ്.

46 (* 156) <u>കുടുംബശ്രീ പദ്ധതി</u>

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നല്കിയ ഉത്തരത്തിൽ, സംസ്ഥാനത്തെ 991 ഗ്രാമ പഞ്ചായത്തുകളിലും കുടുംബശ്രീ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

47 (* 157) ഓംബുഡ്സ്മാന് ലഭിച്ച പരാതികൾ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നല്കിയ ഉത്തരത്തിൽ, പുന:സംഘടിപ്പിക്കപ്പെട്ട ഓംബുഡ്സ്മാന് ലഭിച്ച 297 പരാതികളിൽ 15 എണ്ണത്തിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഇതിനുപുറമേ പഴയ 510 കേസ്സുകൾകൂടി തീർപ്പാക്കിയിട്ടുണ്ട്.

48 (* 168 ) അഖിലേൻഡ്യാ സർവീസ്സിൽപ്പെട്ട ഉദ്യോഗസ്ഥർ

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാന സർവീസ്സിൽ ആകെ 284 ഐഎ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥൻമാർ ജോലി ചെയ്യുന്നുണ്ടെന്നറിയിച്ചു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

47 (775) പി.എസ്.സി.യിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

പി.എസ്.സി. യിൽ വിവിധ തസ്തികകളുടെ തെരഞ്ഞെടുപ്പിലേയ്ക്ക് ലഭിച്ച 7418890 അപേക്ഷകൾ തീർപ്പു കൽപ്പിക്കാനുണ്ട്.

48 (777) പി.എസ്.സി. മുഖേനയുള്ള നിയമനം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 22,587 പേരെ പി.എസ്.സി നിയമനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്.

49 (785) പത്താം പഞ്ചവത്സര പദ്ധതിയിൽ ചെലവഴിക്കാനുദ്ദേശിക്കുന്ന തുക

പത്താം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാന പദ്ധതിയിനത്തിൽ മൊത്തം 24,000 കോടി രൂപയും ഈ സാമ്പത്തികവർഷം ആസൂത്രണ കമ്മിഷൻ അംഗീകരിച്ച പദ്ധതി അടങ്കലായ 4026 കോടി രൂപയും ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയിനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം 2397.72 കോടി രൂപ (താൽക്കാലിക കണക്കുപ്രകാരം) യും ഈ സാമ്പത്തിക വർഷത്തെ ആദ്യത്തെ രണ്ടു മാസം 50.08 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

50 (786 ) വിവിധ പദ്ധതികൾക്കായി സാമ്പത്തികസഹായം നല്കുന്ന ഏജൻസികൾ

സംസ്ഥാനത്ത് എൽ.ഐ.സി., ജി.ഐ.സി., നബാർഡ്, എൻ.സി.ഡി.സി., ലോകബാങ്ക്, ഡച്ച് സർക്കാർ, ജപ്പാൻ, ജെ.ബി.ഐ.സി. തുടങ്ങിയ ഏജൻസികളിൽനിന്ന് വിവിധ പദ്ധതികൾക്കായി സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. ഇതിൽ കേരള ഹോർട്ടികൾച്ചർ ഡെവലപ്മെന്റ് പ്രോജക്ട്, കേരള ഫോറസ്ട്രി പ്രോജക്ട്, അട്ടപ്പാടി ഇന്റഗ്രേറ്റഡ് ആന്റ് സസ്റ്റെയിനബിൾ ഇക്കോ ഡെവലപ്മെന്റ്, നാഷണൽ ഹൈഡ്രോളജി പ്രോജക്ട്, സ്റ്റേറ്റ് റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ടെക്നിക്കൽ അസിസ്റ്റൻസ് പ്രോജക്ട്, മോഡണൈസിംഗ് ഇൻലാന്റ് വാട്ടർവേയ്സ്, റൂറൽ വാട്ടർ സപ്ലൈ, ആന്റ് എൻവയോൺമെന്റൽ സാനിറ്റേഷൻ പ്രോജക്ട്, നെതർലാന്റ് സഹായതത്തോടെയുള്ള വാട്ടർസപ്ലൈ പ്രോജക്ട്, കൊച്ചി അർബൻ പോവർട്ടി റിഡക്ഷൻ പ്രോജക്ട് എന്നിവയ്ക്ക് വിദേശസഹായം ലഭിക്കുന്നുണ്ട്.

51 (835) വിമുക്തഭട കോർപ്പറേഷൻ

7–12–2001–ൽ കമ്പനീസ് ആക്ട് പ്രകാരം കേരള സംസ്ഥാന വിമുക്ത ഭട വികസന കോർപ്പറേഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

52 ( 848 ) അടിസ്ഥാന നികുതി

1999–2000 മുതൽ 2001–2002 വരെ ത്രിതല പഞ്ചായത്തുകൾക്ക് അടിസ്ഥാന നികുതിയിനത്തിൽ 40,14,33,899 രൂപ കുടിശ്ശികയുണ്ട്.

53 (853) ജനകീയാസൂത്രണ പദ്ധതിക്ക് ചെലവാക്കിയ തുകയുടെ ആഡിറ്റിംഗ്

ജനകീയാസൂത്രണപദ്ധതിക്ക് ചെലവാക്കിയ തുകയുടെ 2001 മാർച്ച് മാസംവരെ ലഭ്യമായ കണക്കുകൾ ആഡിറ്റ് ചെയ്ത് കണ്ടെത്തിയ പ്രധാന പോരായ്മകൾ ഉൾക്കൊള്ളിച്ച് ജൂലായിൽ പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2002 മാർച്ച്മാസം വരെയുള്ള ആഡിറ്റ് പൂർത്തിയാക്കി ആഗസ്റ്റ് മാസത്തോടുകൂടി പ്രസിദ്ധീകരിക്കുന്നതാണ്.

54 ( 865) ചേരി വികസന പദ്ധതിക്കുള്ള കേന്ദ്ര സഹായം

ദേശീയ ചേരി വികസന പദ്ധതിക്കായി 1996–1997 മുതൽ 2001–2002 വരെ ലോണും ഗ്രാന്റും ഉൾപ്പെടെ 4814.68 ലക്ഷം രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

55 (851) ആരോഗ്യരംഗത്ത് സാമ്പത്തികസഹായം നൽകുന്ന ബാഹ്യ ഏജൻസികൾ

സംസ്ഥാനത്തെ ആരോഗ്യ രക്ഷാ രംഗത്ത് വികസനത്തിനായി ലോകബാങ്ക്, യുണൈറ്റഡ് നേഷൻസ് ഫണ്ട് ഫോർ പോപ്പുലേഷൻ ആക്റ്റിവിറ്റീസ് (UNFPA), യൂറോപ്യൻ കമ്മിഷൻ (EC), യുണൈറ്റഡ് നേഷൻസ് ഇന്റർനാഷണൽ ചിൽഡ്രൻ എമർജൻസി

ഫണ്ട്(UNICEF), വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ (WHO), ഇന്റർനാഷണൽ ഡെവലപ്മെന്റ് ഏജൻസി (IDA) , ഡച്ച് ഗവൺമെന്റ് ഏജൻസിയായ ഡാനിഡ, ബ്രിട്ടീഷ് ഗവൺമെന്റ് ഏജൻസിയായ ഡി.എഫ്.ഐ.ഡി. എന്നീ ബാഹ്യ ഏജൻസികളാണ് സാമ്പത്തിക സഹായം നൽകിവരുന്നത്.

56 (924) <u>ഗ്രാമവികസന വകുപ്പു നടപ്പാക്കിവരുന്ന തൊഴിൽദാന പദ്ധതികൾ</u>

2001–2002 സാമ്പത്തികവർഷത്തിൽ വിവിധ തൊഴിൽദാന പദ്ധതികൾക്കായി 14510.31 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

57 ( 925) <u>ഗ്രാമവികസന വകുപ്പിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

സംസ്ഥാനത്തെ ഗ്രാമവികസനവകുപ്പിൽ ഏഴ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2001–2002–ൽ 15448.34 ലക്ഷം രൂപ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്.

58 (927) <u>എസ്.ജി.ആർ.വൈ. പദ്ധതിക്കായി ചെലവഴിച്ച തുക</u>

എസ്.ജി.ആർ.വൈ. പദ്ധതിക്കായി 2001–2002–ൽ ആകെ 9892.17 ലക്ഷം രൂപ സംസ്ഥാനത്ത് ചെലവഴിച്ചിട്ടുണ്ട്.

59 (930) <u>ഖാദി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ്</u>

ഖാദി ഉൽപ്പന്നങ്ങൾക്ക് 6–6–2002 മുതൽ 31–3–2003 വരെ ഖാദി കമ്മിഷൻ റിബേറ്റ് പുന:സ്ഥാപിച്ചിട്ടുണ്ട്.

.....